**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **31-01-2024 - ൽ മറുപടിയ്ക്ക്**

**പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ ചൂണ്ടയിൽ പ്രദേശത്ത് പുഴയുടെ സൈഡ് കെട്ടുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ചൂണ്ടയിൽ അഞ്ചരക്കണ്ടി പുഴയുടെ ഇടതുകര കെട്ടി സംരക്ഷണം നൽകുന്നതിന് മട്ടന്നൂർ നിയോജകമണ്ഡലം നവകേരള സദസിൽ ശ്രീ ജിനീഷ് എന്നവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 150 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഏകദേശം 90.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | മട്ടന്നൂർ മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗത്തിന് കീഴിൽ പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ